(ഇ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം-II ആയി ചേർക്കുന്നു.*

(എഫ്) പൊതു വിജിലൻസ് സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

*(൪൩൦) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുമൂലം നിലവിലുള്ള സമ്പ്രദായത്തിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾക്കാണ് ഇടയാകുന്നത് ;

(സി) അദ്ധ്യാപകരുടെ ജോലി നഷ്ടത്തിന് ഇത് വഴിവയ്ക്കുമോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കേരള സാഹചര്യത്തിൽ ഈ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ലിഡാ ജേക്കബ് കമ്മിറ്റി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത് ;

(ഇ) ലിഡാ ജേക്കബ് കമ്മിറ്റി റിപ്പോർട്ടും കെ.ആർ. പരിഷ്കരിക്കുന്നതിനായി നിയോഗിച്ച സി.പി. നായർ കമ്മിറ്റിയുടെ റിപ്പോർട്ടും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) കേന്ദ്ര വിദ്യാഭ്യാസ അവകാശം നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ-ഓർഡിനേറ്ററായി ഒരു സമിതിയും വിവിധ അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റിയും രൂപീകരിച്ചു. തുടർന്ന് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ട)-നെ കമ്മീഷനായും നിയമിച്ചു. റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചു വരുന്നു. വിശദാംശങ്ങൾ, തീരുമാനം ആയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly